"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഐ1/9960/2016 (1)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
KSHB Building,
ശാന്തിനഗർ, തിരുവനന്തപുരം-01.
തീയതി: 09/02/2017

## <u>ചുറ്ററിയിപ്പ്</u>

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ഐ.ടി.ഐ പരിശീലനാർത്ഥികൾക്കുള്ള പോഷകാഹാര പദ്ധതി - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** ട്രെയിനിംഗ് ഡയറക്ടറുടെ 22/12/2016 ലെ ഐ1/9960/2016(1) നമ്പർ കത്ത്.

-----

സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഐ.ടി.ഐകളിൽ നിന്ന് ലഭിച്ചിരുന്നുവെങ്കിലും ടി വിവരങ്ങളിൽ കൃത്യതയില്ലാത്തതിനാൽ ന്യൂട്രീഷ്യൻ ശീർഷകത്തിൽ അധികമായി ആവശ്യമുള്ള തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ആകയാൽ ചുവടെ ചേർക്കുന്ന രീതിയിൽ കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

സ്ഥാപനത്തിന്റെ പേര്:

1. 70 - ന്യൂട്രീഷ്യൻ ശീർഷകത്തിൽ ഇതുവരെ ലഭിച്ച അലോട്ട്മെന്റ് :
2. 70 - ന്യൂട്രീഷ്യൻ ശീർഷകത്തിൽ ഇതുവരെ ചെലവായ ആകെ തുക :
3. ഇതുവരെ ചെലവായ തുകയിൽ ഏത് തീയതി വരെയുള്ള ചെലവിനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :
4. ഒരു മാസം ന്യൂട്രീഷ്യൻ പ്രോഗ്രാമിന് വരുന്ന ശരാശരി ചെലവ് :
5. ഇനി ആവശ്യമുള്ള തുക :

മേൽ പ്രകാരമുള്ള ചോദ്യങ്ങൾക്ക് കൃത്യമായ വിവരം നൽകേണ്ടതാണ്. ടി വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മാർച്ച് 31 വരെ ന്യൂട്രീഷ്യൻ ശീർഷകത്തിൽ തുക അനുവദിക്കുന്നതും അധിക തുക സർക്കാരിൽ നിന്ന് ആവശ്യപ്പെടേണ്ടതും, ആകയാൽ എല്ലാ ഐ.ടി.ഐകളിൽ നിന്നും വ്യക്തമായ വിവരങ്ങൾ 15/02/2017 ന് മുൻപ് <u>itdplanning@gmail.com</u> എന്ന ~~[illegible]~~ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ ഐ.ടി.ഐകളിൽ നിന്നും, ന്യൂട്രീഷ്യൻ പ്രോഗ്രാമിനും, ഉച്ച ഭക്ഷണം പരിപാടിക്കുമുള്ള തുക പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്.

ഇനിയും ആവശ്യമായ തുക കണക്കാക്കുമ്പോൾ അഖിലേന്ത്യാ പരീക്ഷാ ദിനങ്ങളിൽ ട്രെയിനികൾക്ക് പരിശീലനം നൽകുന്നില്ലെങ്കിൽ അതു കൂടി പരിഗണിച്ചു വേണം കണക്ക് എടുക്കേണ്ടത് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.

ഐ.ടി.ഐകളിൽ ന്യൂട്രീഷ്യൻ ശീർഷകത്തിൽ മാർച്ച് 31 വരെ ചെലവാകുന്ന തുക കണക്കാക്കേണ്ടതും ഇതുവരെ ലഭിച്ച അലോട്ട്മെന്റ് പ്രകാരം അധിക തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സറണ്ടർ ചെയ്യേണ്ടതുമാണ്. സറണ്ടർ വിവരം 15/02/2017 നുള്ളിൽ അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്

സ്വീകർത്താവ്: എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

എ.09/02/2017